ശ്രീ. കെ. എം. മാണി : ജോലിയെ സംബന്ധിച്ചിടത്തോളം ജോലി ഒരു ഹ്യൂമനിറേറിയൻ കൺസിഡറേഷൻ എന്നുള്ള നിലയ്ക്ക് മരിച്ചവരുടെ കുടുംബത്തേയ്ക്ക് റെയിൽവേയിൽ നിയമങ്ങൾക്കനുസരിച്ചോ, നിയമത്തിനകത്ത് ചെയ്യാവുന്നതോ ആയ കാര്യങ്ങൾ ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ കേന്ദ്രവകുപ്പുമന്ത്രിയോട് പറയുകയുണ്ടായി. പക്ഷേ അത് ചില നിയമങ്ങളും നടപടിക്രമങ്ങളുമൊക്കെ അനുസരിച്ച് ചെയ്യേണ്ടതാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ല.

VI സബ്മിഷൻ

(1) വിരാജ്പേട്ടയിൽ മലയാളികൾക്കെതിരായുള്ള ഭീഷണി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കേരളത്തിൽ തൊട്ടടുത്തു കിടക്കുന്ന കർണ്ണാടക സംസ്ഥാനത്തിലെ വിരാജ്പേട്ടയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് മലയാളികൾക്കെതിരായി ഉയർന്നുവന്ന ഭീഷണിയുളവാക്കുന്ന ഒരു സാഹചര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്. കർണ്ണാടക മുഖ്യമന്ത്രിയുമായി നമ്മുടെ സംസ്ഥാനമുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും ഞങ്ങളുമൊക്കെ ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തിൽ നിന്ന് മറുപടിയും ഈ ഗവൺമെൻറിന് കിട്ടിയതായി ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ ശ്രമിച്ചതിൻെറ ഫലമായി ശ്രീ. ചാക്കോയ്ക്ക് കിട്ടിയ മറുപടിയിൽ നിന്നും മനസ്സിലാവുന്നത്, അതൊരു ഹിന്ദുമുസ്ലീം സംഘട്ടനമാണെന്ന ധാരണയാണ് കർണ്ണാടക മുഖ്യമന്ത്രിക്കുള്ളതെന്നാണ്. നിർഭാഗ്യവശാൽ അവിടെ യഥാർത്ഥത്തിൽ എന്തുനടക്കുന്നു എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥൻമാർ സത്യം വളച്ചൊടിക്കുകയാണ്. അവിടെ ആസ്സാമിൽ ഉണ്ടായതുപോലെ മൂലനിവാസികൾ എന്ന പേരിൽ അറിയപ്പെടുന്ന പഴയ കർണ്ണാടകക്കാർ മലയാളികളുൾപ്പെടെ ആ മൂലനിവാസികളിൽപ്പെടുന്നവരല്ലാത്ത കർണ്ണാടകക്കാരേയും ഒരുപോലെ കണ്ട് അവരല്ലാത്തവർ ആ പ്രദേശം ഒഴിഞ്ഞുപോവുക എന്ന മുദ്രാവാക്യമാണ് ഇതിൻെറ പിന്നിൽ ഒളിഞ്ഞിരിക്കുന്നത്. അത് നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ആസ്സാമിൽ ഉരുതിരിഞ്ഞുവന്നതിനേക്കാൾ ഗുരുതരമായ പ്രത്യാഘാതം അവിടെയുണ്ടാക്കും. അവിടെ രൂപീകരിച്ചിട്ടുള്ള ഒരു ന്യൂനപക്ഷ സമുദായമുണ്ട്. അവർ എനിക്ക് ഒരു മെമ്മോറാണ്ടം അയച്ചുതന്നിട്ടുണ്ട്. ആ മെമ്മോറാണ്ടത്തിൽ അവർ പറയുന്നത് ഒരു സ്ത്രീയുടെ അക്രമവുമായി ബന്ധപ്പെട്ട കേസ് ഹിന്ദുയുവതികളെ ആക്രമിക്കാൻ ശ്രമിക്കുന്നു എന്നു വരുത്തിത്തീർത്ത് ഹിന്ദുമുസ്ലീം ലഹളയാണെന്നു വരുത്തിത്തീർക്കാനുള്ള ശ്രമം അവിടെ നടക്കുന്നുണ്ട് എന്നാണ്. ഫലത്തിൽ അവിടെ അക്രമത്തിന് ഇരയായവരിൽ, വസ്തുതകൾ ഗവൺമെൻറിനറിയണമെങ്കിൽ അവിടത്തെ യൂത്ത് കോൺഗ്രസ് 'ഐ' യുടെ ജില്ലാ പ്രസിഡൻറായ ശ്രീ. ശാന്തപ്പ എന്നു പറയുന്ന ആളുടെ ഹോട്ടൽ പോലും അക്രമത്തിനു ഇരയായിട്ടുണ്ട്. അതുകൊണ്ട് ഒരിക്കലും ഹിന്ദുമുസ്ലീം സംഘട്ടനമല്ല. അവിടത്തെ മുഖ്യമന്ത്രി നടപടിയെടുക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ മന്ത്രിതലത്തിൽ ഒരു ചർച്ച നടത്തി വസ്തുതകളെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി മേലാൽ ഇത്തരം വളരെ അപകടകരമായ മുദ്രാവാക്യങ്ങൾക്ക് ഇട നൽകുന്ന പ്രവർത്തനങ്ങൾ തടയാൻ മുൻകൈ എടുക്കണം. അതിന് കർണ്ണാടക ഭരണകൂടവുമായി ബന്ധപ്പെട്ട് മന്ത്രിതല ചർച്ച നടത്തി പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വിരാജ്പേട്ടയിലെ കേരളീയരായ ആളുകളുടെയിടയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ട്, അവിടെയുള്ള കേരളീയർ ഭീതിയിലാണ് കഴിയുന്നത്, അതുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കർണ്ണാടക ഗവൺമെൻറിനെ സമീപിച്ച് ഇതിന് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കിത്തരണമെന്നുള്ള സന്ദേശം കിട്ടി. പത്ര റിപ്പോർട്ടു മുണ്ടായിരുന്നു. അതിൻെറയടിസ്ഥാനത്തിൽ കിട്ടിയ വിവരങ്ങളും വച്ചുകൊണ്ട് അന്ന് ഞാൻ കർണ്ണാടക മുഖ്യമന്ത്രിയെ വിവരം ധരിപ്പിച്ചു. ഇതിൽ ഇടപ്പെട്ട് ഇതിന് പരിഹാരമുണ്ടാക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെടുകയും ഇതിൽ ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കണമെന്നു കേന്ദ്ര ആഭ്യന്തര വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കർണ്ണാടക മുഖ്യമന്ത്രി ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചു. അദ്ദേഹം നൽകിയിട്ടുള്ള റിപ്പോർട്ടിൽ ഇത് ഏതെങ്കിലും പ്രദേശങ്ങളും തമ്മിലുള്ള തർക്കമല്ല. രണ്ടുവിഭാഗങ്ങളും തമ്മിലുള്ള തർക്കമാണെന്ന നിഗമനത്തിലാണ് അല്ലെങ്കിൽ ആ നിലയിലാണ് അദ്ദേഹം മറുപടി തന്നിട്ടുള്ളത്. അതുതന്നെയും രണ്ടു വിഭാഗങ്ങളും എന്ന് വിശേഷിപ്പിച്ചുകൂടാ. അവിടെയുണ്ടായ അസുഖകരമായ സംഭവത്തെത്തുടർന്നാണ് ഇത് ഉണ്ടായിട്ടുള്ളതെന്നും അത് തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. മറ്റൊരു സംസ്ഥാനത്തിൻെറ ആഭ്യന്തരകാര്യമായതുകൊണ്ട് കേരളീയർക്ക് യാതൊരു തരത്തിലും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതലായി എന്തെങ്കിലും നിഗമനത്തിൽ എത്തുന്നത് ശരിയല്ല. എന്തായാലും പിന്നീടുള്ള സംഗതികളെക്കുറിച്ച് ഒന്നുകൂടി അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) തേവള്ളി പാലത്തിൻെറ ദുരവസ്ഥ

ശ്രീ. തോപ്പിൽ രവി : സർ, കുണ്ടറ നിയോജക മണ്ഡലത്തെ കൊല്ലം നഗരവുമായി ബന്ധപ്പെടുത്തുന്ന തേവള്ളി പാലത്തിൻെറ ദുരവസ്ഥയെക്കുറിച്ച് ഞാൻ ഈ സഭയിൽ ഒന്നിലേറെ തവണ പറഞ്ഞിട്ടുള്ളതാണ്. ഒന്നര വർഷമായി ഈ പാലത്തിൻെറ ഒരു സ്പാൺ താങ്ങുകൊണ്ടിരിക്കുന്നതുമൂലം യാത്രക്കാർക്ക് സഞ്ചരിക്കാൻ സാധിക്കാത്തവിധത്തിലായിരിക്കുകയാണ്. ബസ്സുകളും യാത്രക്കാരെ ഇറക്കി ഓടുന്നതുമൂലം ബസ്സു കിട്ടുന്നതിനു വേണ്ടി രണ്ടുപുറത്തുമുള്ള യാത്രക്കാർ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായുന്ന ദുഃസ്ഥിതിയാണ് ഒന്നരവർഷക്കാലമായുള്ളത്. ഈ പ്രദേശത്തെ ഒരു നിയമസഭാസാമാജികനെന്നുള്ള നിലയിൽ വളരെയേറെ മാനസികവൈഷമ്യമനുഭവിച്ചാണ് ഞാൻ കഴിയുന്നത്. ഈ സാഹചര്യം ഈ സഭയുടെ ശ്രദ്ധയിൽ മുമ്പും പെടുത്തിയിട്ടുള്ളതാണ്. പക്ഷേ ഇതുവരെയും നടപടികളൊന്നുമായിട്ടില്ല. പാലത്തിൻെറ കേടുപാടുകൾ തീർക്കുന്നതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഈ പാലം പുതുക്കിപ്പണിയാൻ വേണ്ടിയുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചു കാണുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറു കണ്ണുതുറക്കണം, കനിവ് കാണിക്കണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : 1965-ൽ 15 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച ഒരു പാലമാണ്. പിൽക്കാലത്ത് ഒരു ഭാഗത്തുള്ള ചുമരും സ്പാനുമെല്ലാം തകർന്നുപോയി. ഇതിനു മുമ്പ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഇതു ഉന്നയിച്ചപ്പോഴും അതിൻെറ സാങ്കേതിക വശങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly